(ബി) ഉണ്ടെങ്കിൽ ഏതെല്ലാം പാഠപുസ്തകങ്ങളാണ് മാറുന്നതെന്നും പുതിയ പാഠപുസ്തകങ്ങൾ ഏതെന്നും പറയുമോ?

വിദ്യാഭ്യാസമന്ത്രി (ശ്രീ. സി. എച്ച്. മുഹമ്മദ്കോയ) :

(എ) ഉണ്ട്.

(ബി) താഴെ പറയുന്ന പാഠപുസ്തകങ്ങൾ മാറുന്നുണ്ട്,

(1) ഡീറെയിൽഡ് സ്റ്റഡി

1. ഇംഗ്ലീഷ് റീഡർ സ്റ്റാൻഡേഡ് — V.
2. ഇംഗ്ലീഷ് റീഡർ സ്റ്റാൻഡേഡ് — VIII.

(2) കാപ്പിബുക്ക്

ഇംഗ്ലീഷ് കാപ്പിബുക്ക് സ്റ്റാൻഡേഡ് — V

(3) നോൺഡിറെയിൽഡ് സ്റ്റഡി

എ. മലയാളം

(1) ഒരു കുടയും കുഞ്ഞുപെങ്ങളും, സ്റ്റാൻഡേഡ് — VI
(2) ഭദ്രദീപങ്ങൾ സ്റ്റാൻഡേഡ് — VII
(3) ഐൻസ്റ്റീന്റെ കഥ ,, — VIII
(4) ഇൻഡ്യയുടെ ഹൃദയത്തിലൂടെ ,, — IX
(5) താരാപഥം ,, — X
(6) ചെങ്കോലും മരവുരിയും ,, — X

ബി. ഇംഗ്ലീഷ്

(1) ദിടിൻഡർ ബോക്സ് ,, — VII
(2) ടെയിൽസ് ഫ്രം ടാഗൂർ ,, — IX
(3) സിലാസ് മാർനർ ,, — X

സി. ഹിന്ദി

(1) ഹിന്ദി കഹാനി സംഗ്രഹ് ,, — X

പുതിയ പാഠപുസ്തകങ്ങളുടെ തിരഞ്ഞെടുപ്പ് പൂർത്തിയായിട്ടില്ല.

ലാത്തിച്ചാർജ്ജിൻമേലുള്ള അന്വേഷണം

* 90. [1271] ശ്രീ. ബി. മാധവൻനായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ നിയമസഭാ സമ്മേളനം നടന്നുകൊണ്ടിരുന്ന അവസരത്തിൽ തിരുവനന്തപുരം മണക്കാട് എന്ന സ്ഥലത്തുവച്ച് ചാല പോലീസ് സബ്ഇൻസ്പെക്ടറും പാർട്ടിയും ചേർന്ന് കോർപ്പറേഷൻ കൌൺസിലർ ചന്ദ്രശേഖരൻ നായരേയും മറ്റുള്ളവരേയും ലാത്തിച്ചാർജ്ജ് നടത്തിയതു സംബന്ധിച്ച് ഗവൺമെന്റ് അന്വേഷണം നടത്തിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അന്വേഷണഫലം എന്തായിരുന്നു ഇതിൻമേൽ ഗവൺമെന്റ് എടുത്തിട്ടുള്ള നടപടികൾ എന്ത്;

LIBRARY ARCHIVES Kerala Legislative Assembly

(സി) അന്വേഷണ റിപ്പോർട്ട് മേശപ്പുറത്ത് വയ്ക്കുമോ?

മുഖ്യമന്ത്രി (ശ്രീ. ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാട്) :

(എ) ഉണ്ട്.

(ബി) അന്വേഷണ റിപ്പോർട്ട് പരിഗണനയിലിരിക്കുകയാണ്.

(സി) ഇല്ല.

ഗാനപ്രവീണ കോഴ്സ്

* 901. [1278] ശ്രീ. ജി. ഗോപിനാഥൻ പിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം സ്വാതിതിരുനാൾ സംഗീത കോളേജിൽ ''ഗാനപ്രവീണ'' എന്ന കോഴ്സ് ഏതെല്ലാം സംഗീത വിഭാഗങ്ങൾക്ക് ഏർപ്പെടുത്തിയിട്ടുണ്ട്;

(ബി) ഏതെങ്കിലും വിഭാഗത്തെ ഈ കോഴ്സിൽ ഉൾപ്പെടുത്തിയിട്ടില്ലെങ്കിൽ അതിനുള്ള കാരണമെന്ത്;

(സി) ഉൾപ്പെടുത്താത്ത വിഭാഗത്തെക്കൂടി ഉൾപ്പെടുത്താൻ വേണ്ട നടപടി യെടുക്കുമോ ?

വിദ്യാഭ്യാസമന്ത്രി (ശ്രീ. സി. എച്ച്. മുഹമ്മദ് കോയ) :

(എ) (Vocal Music) വായ്പാട്ട്, വീണ, വയലിൻ എന്നീ വിഭാഗങ്ങൾക്ക് ഗാനപ്രവീണകോഴ്സ് ഏർപ്പെടുത്തിയിട്ടുണ്ട്.

(ബി) കൂടുതൽ വിഭാഗത്തിൽ ഈ കോഴ്സ് തുടങ്ങാത്തതിനുള്ള പ്രധാനകാരണം സ്ഥലസൗകര്യമില്ലാത്തതുകൊണ്ടാണ്.

(സി) അഡ്വൈസറികമ്മിറ്റിയുടെ ശുപാർശയിൻമേൽ ആണ് ഇക്കാര്യങ്ങളിൽ തീരുമാനമെടുക്കുന്നത്.

എയിഡഡ് സ്കൂൾ അദ്ധ്യാപകൻമാർ

* 902. [1283] ശ്രീ. കെ. മൊയ്തീൻകുട്ടി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസമന്ത്രി സദയം മറുപടി നൽകുമോ:

(എ) എയിഡഡ് സ്കൂൾ അദ്ധ്യാപകൻമാരിൽ മുൻപ് മലബാർ ഭാഗത്തുണ്ടായിരുന്ന ടീച്ചേഴ്സ് വിഹിതവും മാനേജേഴ്സ് വിഹിതവും പാസ് ബുക്കുപ്രകാരം അടച്ചിട്ടും പെൻഷൻ പറ്റിയതിനുശേഷം പ്രൊവിഡൻറ് ഫണ്ട് നൽകുന്നില്ല എന്ന പരാതി ശരിയാണോ ;

(ബി) ആണെങ്കിൽ അതിന്റെ കാരണമെന്ത് ?

വിദ്യാഭ്യാസമന്ത്രി (ശ്രീ. സി. എച്ച്. മുഹമ്മദ് കോയ) :

(എ) ശരിയാണ്.

(ബി) സാങ്കേതികകാരണങ്ങളാൽ പ്രൊവിഡൻറ് ഫണ്ട് ക്ലോസ് ചെയ്യാൻ പ്രയാസം നേരിട്ടിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly